ശാർക്കര ദേവീക്ഷേത്രത്തിനുവേണ്ടി ടൂറിസം വകുപ്പ് നിർമ്മിച്ചു നൽകിയ വിശ്രമമന്ദിരം

232 (4856) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയൻകീഴ് ശാർക്കര ദേവീക്ഷേത്രത്തിനുവേണ്ടി ടൂറിസം വകുപ്പ് നിർമ്മിച്ച് നൽകിയ വിശ്രമമന്ദിരം സംരക്ഷിക്കുന്നതിനുവേണ്ടി ദേവസ്വം വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഉദ്ഘാടനം കഴിഞ്ഞ് വിശ്രമമന്ദിരം സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(സി) ഈ വിശ്രമമന്ദിരത്തിലെ ഉപകരണങ്ങൾ മോഷണം പോകാതെ സംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനും എന്തൊക്കെ നടപടികൾ സത്വരം സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ശാർക്കര ദേവസ്വത്തിൽ ടൂറിസം വകുപ്പ് നിർമ്മിച്ച് നൽകിയ വിശ്രമമന്ദിരം സംരക്ഷിക്കുന്നതിനുവേണ്ടി മന്ദിരത്തിനാവശ്യമായ ഫർണിച്ചറുകൾ സപ്ലൈ ചെയ്യുന്നതിനും, ഈ കെട്ടിടത്തിനു വാടക നിശ്ചയിക്കുന്നതിനും ടി കെട്ടിടം നടത്തിക്കൊണ്ട് പോകുന്നതിന് അനുയോജ്യമായ ഒരു കെയർടേക്കറെ ഡെയിലിവേജസിൽ നിയമിക്കുന്നതിനും ദേവസ്വം ബോർഡ് 15-7-2010-ലെ ആർ. ഒ. സി. 2049/07/എം. ഉത്തരവ് പ്രകാരം തീരുമാനിച്ചിരിക്കുകയാണ്.

ഈ കെട്ടിടം ഇപ്പോൾ ശാർക്കര ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിയന്ത്രണത്തിലാണ്. മേൽ ബോർഡ് ഉത്തരവനുസരിച്ചുള്ള നടപടികൾ നടപ്പാക്കാൻവേണ്ട സത്വര നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന പദ്ധതി

233 (4857) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷേത്രങ്ങളോടും കാവുകളോടുമനുബന്ധിച്ചുള്ള കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ബോർഡ് ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിക്കുമ്പോൾ ഈ ആവശ്യത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് അർഹമായ പരിഗണന നൽകാറുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് അതാത് പ്രദേശങ്ങളിലെ ദേവസ്വം ഭരണാധികാരികളുടെയും ക്ഷേത്രോപദേശക സമിതികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചും പ്രാധാന്യം കണക്കിലെടുത്തും കുളങ്ങളും, ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിൻകീഴിലുള്ള ജലസ്രോതസ്സുകൾ എല്ലാം സംരക്ഷിക്കുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടൽമാണിക്യം ദേവസ്വത്തിനു കീഴിലുള്ള 5 കുളങ്ങളുടെ സംരക്ഷണം നടത്തുന്നതിനായി 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കുന്നതിന് ദേവസ്വങ്ങളുടെ അപേക്ഷ ലഭിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളിലെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതിന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേവാരണ്യം പദ്ധതിയുടെ വിശദാംശം

234 (4858) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവാരണ്യം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വൃക്ഷത്തൈകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വൃക്ഷത്തൈകളുടെ വിതരണച്ചുമതല ആർക്കാണ് ;

(ഡി) വൃക്ഷത്തൈകൾ ക്ഷേത്ര ഉപദേശക സമിതികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേവസ്വം-വനം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ളതാണ് "ഹരിത കേരളം-ദേവാരണ്യം പദ്ധതി". ക്ഷേത്ര പരിസരങ്ങളിലും ദേവസ്വം ഭൂമികളിലും വനം വകുപ്പിൽനിന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്ന വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണിത്.

(ബി) വൃക്ഷത്തൈകൾ ആവശ്യപ്പെടുന്ന ദേവസ്വങ്ങൾക്ക് വനംവകുപ്പിൽനിന്നും തൈകൾ നൽകിത്തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly